**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1954** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ വടകര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>മേൽ പദ്ധതികൾ കൂടാതെ 2021-22 വർഷത്തിൽ 8 ഗുണഭോക്താക്കൾക്ക് ജി.പി.എസ് വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ 2 ഗുണഭോക്താക്കൾക്കും 2022-23 വർഷത്തിൽ 22 ഗുണഭോക്താക്കൾക്കും 2024-25 വർഷത്തിൽ 18 ഗുണഭോക്താക്കൾക്കും ഇൻസുലേറ്റഡ് ഫിഷ് ബോക്സ് വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ 5 ഗുണഭോക്താക്കൾക്കും, 2023-24 വർഷത്തിൽ ഒരു ഗുണഭോക്താക്താവിനും സ്ക്വയർ മെഷ് കോഡെന്റ് വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ ഒരു ഗുണഭോക്താവിന് FRP ബോട്ട് വിതരണം ചെയ്തിട്ടുണ്ട്.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം ലഭ്യമായ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>വടകര പുഴിത്തലയിൽ നെറ്റ് മെൻഡിംഗ് ഹാൾ ലോക്കർ റും നിർമ്മിക്കുന്നതിന് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുഴിത്തല നെറ്റ് മെന്റിംഗ് ഹാൾ ആന്റ് ലോക്കർ റും പണിയുന്നതിന്റെ പ്രാരംഭ നടപടികൾക്കും CRZ Scruitiny fee |

| | | | |
|---|---|---|---|
| | | | എന്നിവയിലേക്കുമായി 7,90,000/- രൂപ തീരദേശ വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.<br><br>**<u>സാഫ്</u>**<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടൂ ഫിഷർവിമെൻ (സാഫ്) മുഖേന വടകര മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി.<br><br>**<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)</u>**<br><br>മത്സ്യമേഖലയെ ആശ്രയിച്ച് ചെയ്യുന്ന തൊഴിലിൽ നിന്ന് വ്യത്യസ്തമായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. ഇതിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. സംരംഭം ആരംഭിക്കുന്നതി നായി ഒരംഗത്തിന് ഒരു ലക്ഷം രൂപ (അഞ്ച് പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.<br><br>ഈ പദ്ധതിയിലൂടെ തിരഞ്ഞെടുത്തിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഇതോടൊപ്പം **അനുബന്ധം III** ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും | (ബി) | 2024 – 25 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമായ പൂഴിത്തല നെറ്റ് മെന്റിംഗ് ഹാൾ & ലോക്കർ റൂം നിർമ്മാണം CRZ Clearance ലഭ്യമാകേണ്ടതുള്ളതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. മത്സ്യഭവൻ വടകര പദ്ധതിക്ക് സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ |

| | | | |
|---|---|---|---|
| | പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ; | | പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചു. CRZ Clearance ലഭ്യമാക്കി. ആയതിനുശേഷം 14.05.2025 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. തുക സംബന്ധിച്ച വിവരം **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>തീരദേശവികസന കോർപ്പറേഷന് നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു. |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | 2024 – 25 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമായ പൂഴിത്തല നെറ്റ് മെന്റിംഗ് ഹാൾ & ലോക്കർ റൂം നിർമ്മാണം CRZ Clearance ലഭ്യമാകേണ്ടതുള്ളതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. മത്സ്യഭവൻ വടകര പദ്ധതിക്ക് സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചു. CRZ Clearance ലഭ്യമാക്കി. ആയതിനുശേഷം 14.05.2025 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. തുക സംബന്ധിച്ച വിവരം **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>തീരദേശവികസന കോർപ്പറേഷന് നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു. |
| (ഡി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണ്; വിശദമാക്കാമോ; | (ഡി) | കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളൊന്നും ഇല്ല |
| (ഇ) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി ഫിഷറീസ് വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി ഫിഷറീസ് വകുപ്പ് മുഖേന ചെലവാക്കിയ തുക സംബന്ധിച്ച വിവരം **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ സർക്കാരിന്റെ കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ 43,075/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>സാഫ്</u>**<br><br>വിശദാംങ്ങൾ **അനുബന്ധം V** ആയി ചേർക്കുന്നു.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരമേറ്റതുമുതൽ ആകെ 521.54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വർഷവും ഇനവും തിരിച്ചുള്ള കണക്ക് **അനുബന്ധം VI** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആകെ ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) | | | | | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| | | | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | |
| 1 | പുനർഗേഹം | 29 | 124.22 | 51.55 | 70.66 | 42.73 | 25.03 | 314.19 |
| 2 | അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും - ഭൂമി അനുവദിക്കുന്ന പദ്ധതി 2016-17 അടിസ്ഥാന സൗകര്യ വികസനവും- ഭവനം അനുവദിക്കുന്ന പദ്ധതി 2017-18 | 21 | 21.94 | 6.5 | 1.5 | 3.0 | ... | 32.94 |
| 3 | അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും - ഭൂമിയും ഭവനവും അനുവദിക്കുന്ന പദ്ധതി 2017-18 | 9 | 10.44 | 4.00 | 1.00 | ... | 1.5 | 16.94 |
| 4 | ഫിഷറീസ് കോളനികളിലെ വീടുകളുടെ പുനർനിർമ്മാണം | 5 | ... | ... | ... | 5.0 | .. | 5.0 |
| 5 | സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി | 544 | 10.72 | 11.42 | 14.76 | 4.67 | .. | 41.57 |
| 6 | PMMSY മത്സ്യകൃഷി | 09 | 5.91 | ... | 4.2 | 2.4 | .. | 12.51 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം | 1116 | 22.55 | 53.64 | 9.65 | 17.65 | 11.23 | 114.72 |
| 8 | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ | 363 | 7.45 | 5.21 | 1.33 | 0.45 | .. | 14.44 |
| 9 | Motorization of country craft | 90 | 0.3 | 8.84 | 16.38 | 3.5 | .. | 29.02 |
| | **ആകെ** | **2186** | **203.53** | **141.16** | **119.48** | **79.4** | **37.76** | **581.33** |

| **പദ്ധതിയുടെ പേര്** | **അനുവദിച്ച തുക (ലക്ഷത്തിൽ)** | | | | | | | | | | **ആകെ തുക (ലക്ഷത്തിൽ)** |
|---|---|---|---|---|---|---|---|---|---|---|---|
| | **2021-22** | | **2022-23** | | **2023-24** | | **2024-25** | | **2025-26** | | |
| | **എണ്ണം** | **തുക** | **എണ്ണം** | **തുക** | **എണ്ണം** | **തുക** | **എണ്ണം** | **തുക** | **എണ്ണം** | **തുക** | |
| സമ്പാദ്യ സമാശ്വാസ പദ്ധതി | 3860 | 83.55 | 3243 | 70.8375 | 3005 | 102.66 | 2848 | 118.665 | 2732 | 39.165 | 414.8775 |

സെക്ഷൻ ഓഫിസര്

# അനുബന്ധം II

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | 2023 – 24 സാമ്പത്തിക വർഷം | | |
| 1 | മത്സ്യഭവൻ വടകര | 100.00 | പദ്ധതിക്ക് സോയിൽ ഇൻവസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ 27.03.2025 നാണ് CRZ Clearance ലഭ്യമായിട്ടുള്ളത്. ആയതിനുശേഷം 14.05.2025 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | 2024 – 25 സാമ്പത്തിക വർഷം | | |
| 2 | നെറ്റ് മെന്റിംഗ് ഹാൾ & ലോക്കർ റൂം, പൂഴിത്തല, വടകര | 150.00 | CRZ Clearance ലഭ്യമാകേണ്ടതുണ്ട്. |
| | | | |

# അനുബന്ധം III

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക(ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|
| | | | |
| 1 | തീരദേശ റോഡുകളുടെ പുനരുദ്ധാരണം- വാർഡ് 2- പൂഴിത്തല ഡോബികുളം- ഡ്രൈനേജ് കം ഫൂട്ട് പാത്ത് | 33.30 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കുന്നോത്ത് റെയിൽവേ ലൈൻ - മഠത്തിൽ ഡ്രൈനേജ് കം റോഡിൻറെ മെച്ചപ്പെടുത്തലും പുനർ നിർമ്മാണവും | 50.0 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കുരിയാടി ബീച്ച് റോഡ് 17 - ചേറോട് ഗ്രാമ പഞ്ചായത്ത് | 50.0 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4. | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- പതിവ് പരിപാലനം പ്രവർത്തി-2021- 2022 | 5.0 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം - ഡ്രെയിനേജ് സിസ്റ്റത്തിന്റെ അറ്റകുറ്റപ്പണിയും കവർ സ്ലാബ് നിർമ്മാണവും. | 10.40 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | മൂന്നാം വാർഡിലെ ചൂടിക്കോട്ട - കോട്ടായി താഴ റോഡ് | 20.30 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | പുത്തൻ വീട് മുക്ക് മുതൽ റേഷൻ കട വരെയുള്ള റോഡ് | 17.30 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- പതിവ് പരിപാലനം പ്രവർത്തി-2022- 2023 | 5.0 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 9 | ആറാം വാർഡിലെ മനംച്ചാൽ മുളവന റോഡ് മുതൽ കണ്ണാടി പള്ളി മൂന്നാം ഗേറ്റ് വരെയുള്ള സുനാമി കോളനി റോഡ് | 26.34 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ഒന്നാം വാർഡിൽ ബിച്ചുമ്മ പള്ളി ആലംകണ്ടി ഡ്രൈനേജ് കം റോഡ് | 50.0 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- പതിവ് പരിപാലനം പ്രവൃത്തി - 2023- 2024 | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | ആവിക്കര പുതിയൊട്ടിൽ ഡ്രൈനേജ് കം ഫൂട്ട് പാത്ത് നിർമ്മാണം ( വാർഡ് 15- അഴിയൂർ ഗ്രാമ പഞ്ചായത്ത് ) | 58.0 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 13 | ചോമ്പാൽ ഹാർബറിലേക്കുള്ള അപ്പ്രോച്ച് റോഡിൻറെ നവീകരണ പ്രവൃത്തി | 56.40 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 14 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- പതിവ് പരിപാലനം പ്രവ്യൃർത്തി-2024-2025 | 10.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 15 | ചോമ്പൽ ഹാർബറിലെ അറ്റകുറ്റപ്പണി പണിയും പരിപാലനവും- കെട്ടിട അറ്റകുറ്റപ്പണി | 2.40 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 16 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- പതിവ് പരിപാലനം പ്രവൃത്തി-2025-2026 | 5.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 17 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം- ലോക്കർ മുറിയുടെ നിർമ്മാണം | 30.00 | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | |
|---|---|---|---|
| 18 | കളത്തും താഴക്കുനി മുതൽ മാടക്കര വരെ 500 മീറ്ററോളം വരുന്ന ഡ്രൈനേജ് – ഒഞ്ചിയം പഞ്ചായത്ത് | 50.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 19 | വല്ലത്ത് കുന്ന് സബ് സെന്റർ റോഡ് ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് | 32.10 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

## അനുബന്ധം IV

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 2023 – 24 സാമ്പത്തിക വർഷം | | |
| 1. | മത്സ്യഭവൻ വടകര | 100.00 |
| 2024 – 25 സാമ്പത്തിക വർഷം | | |
| 1. | നെറ്റ് മെന്റിംഗ് ഹാൾ & ലോക്കർ റൂം, പൂഴിത്തല, വടകര | 150.00 |

സെക്ഷൻ ഓഫീസര്

## അനുബന്ധം V

സാഫ്

| ക്രമ നം. | പദ്ധതിയുടെ പേര് | 2021-22 | | | 2022-23 | | | 2023-24 | | | 2024-25 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 1 | ചെറുകിട സംരംഭങ്ങളുടെ വികസനം | 5 | 11 | 9.31 | 1 | 5 | 3 | 5 | 12 | 10.53 | 1 | 5 | 3.52 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 1 | 2 | 0.25 | 3 | 10 | 0.75 | 3 | 7 | 0.75 | | | |
| 3 | സാങ്കേതിക വിദ്യ നവീകരണം | 2 | 6 | 0.56 | | | | | | | 4 | 14 | 0.9 |
| 4 | ഇന്ററസ്റ്റ് ഫ്രീ ക്രെഡിറ്റ് സപ്പോർട്ട് | | | | 2 | 9 | 0.05 | 3 | 11 | 0.09 | 2 | 8 | 0.03 |
| | **ആകെ** | **8** | **19** | **10.12** | **6** | **24** | **3.80** | **11** | **30** | **11.37** | **7** | **27** | **4.45** |

യൂണിറ്റുകൾക്ക് 2024 - 25 സാമ്പത്തിക വർഷത്തിൽ 9196 തൊഴിൽദിനങ്ങളിലായി 36.68 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. 2024 - 25 സാമ്പത്തിക വർഷത്തിൽ 1.30 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

## അനുബന്ധം VI

**വർഷവും ഇനവും തിരിച്ചുള്ള കണക്ക്**

| **ഇനം** | **2021** | **2022** | **2023** | **2024** | **2025** | **ആകെ (ലക്ഷത്തിൽ)** |
|---|---|---|---|---|---|---|
| തീരദേശ റോഡുകളുടെ പുനരുദ്ധാരണം | 100.00 | 70.90 | 76.34 | 58.00 | 82.1 | 387.34 |
| പതിവ്പരിപാലനം | 5.00 | 5.00 | 10.00 | 10.00 | 5.00 | 35.00 |
| ലോക്കർ മുറി | 30.00 | 0 | 0 | 0 | 0 | 30.00 |
| മറ്റു പ്രവൃത്തികൾ | 10.40 | 0 | 0 | 56.40 | 2.4 | 69.2 |
| **ആകെ തുക** | **145.40** | **75.90** | **86.34** | **124.40** | **89.50** | **521.54** |